

# മത്സരപരീക്ഷ ഇടനാഴി

6

# ജീവശാസ്ത്രം

## വന്യജീവി സംരക്ഷണം - സാങ്ച്വറികൾ, നാഷണൽ പാർക്കുകൾ, ബയോസ്ഫിയർ റിസർവുകൾ

ബി സുരേഷ്

പ്രകൃതിയിൽ തനത് ആവാസസ്ഥലത്ത് ജീവിക്കുന്ന ജീവികൾ ഉൾപ്പെടുന്നതാണ് വന്യജീവി സമ്പത്ത്. ഇതിൽ എല്ലാ ചെടികളും, പക്ഷി മൃഗാദികളും, സൂക്ഷ്മജീവികളും ഉൾപ്പെടുന്നു. മനുഷ്യന്റെ വിവിധ ഉപയോഗങ്ങൾക്കുപുറമെ വന്യജീവി സമ്പത്ത് പ്രകൃതിയിലെ മറ്റു ജീവജാലങ്ങളുടെ നിലനിൽപിനും ആഹാരശൃംഖല പരിപാലിക്കുന്നതിനും പരിസ്ഥിതി സംതുലനം പരിപാലിക്കുന്നതിലും വളരെ വലിയ പങ്കുവഹിക്കുന്നു. ചുരുക്കത്തിൽ നമ്മുടെ ജീവൻ നിലനിർത്തുന്ന നമ്മുടെ ചുറ്റുപാടിനെത്തന്നെ സംരക്ഷിച്ചുപോരുന്നത് വളരെയധികം വൈവിധ്യമാർന്ന ഈ വന്യജീവികളാണ്. ആയതിനാൽ വന്യജീവി സംരക്ഷണത്തിന് നാം പ്രാഥമിക പരിഗണനതന്നെ നൽകേണ്ടതുണ്ട്.

വന്യജീവി പരിപാലനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഭാവിയിൽ ജീവികളുടെ നിലനിൽപ്പിനും മനുഷ്യന്റെ ഭാവി ഉപയോഗത്തിനായും വന്യജീവികളെ നിലനിർത്തിക്കൊണ്ട് ഇപ്പോഴത്തെ ആവശ്യത്തിനായി, വന്യജീവികളുടെ നിലനിൽപ്പിന് ദോഷംവരാത്ത രീതിയിൽ, ചൂഷണംചെയ്യുക എന്നതാണ്. വന്യജീവി സംരക്ഷണത്തിന്റെ ആവശ്യകതയ്ക്ക് മൂന്ന് ഉപാധികൾ നിർണ്ണയിച്ചിട്ടുണ്ട്.

1. ആവശ്യ പരിസ്ഥിതി പ്രക്രിയകളെയും ജീവനോപാധിയായ ക്രമങ്ങളെയും നിലനിർത്തുക.
2. ജൈവ വൈവിധ്യം കാത്തുസൂക്ഷിക്കുക.
3. വനമേഖലയിലെ ജനസമൂഹത്തെയും പ്രധാന വ്യവസായങ്ങളെയും സംരക്ഷിക്കുന്നതിനായി വന്യജീവികളുടെ നിലനിൽപിന് ദോഷമുണ്ടാകാതെ അവയെ ഉപയോഗിക്കുക.

ഇന്ത്യയിൽ വ്യത്യസ്ത കാലാവസ്ഥ അനുഭവപ്പെടുന്ന ധാരാളം ജൈവ ഭൗമ സങ്കേതങ്ങളുണ്ട്. അതുകൊണ്ടുതന്നെ ഇവിടെ നിലനിൽക്കുന്ന സസ്യങ്ങളും മൃഗങ്ങളും പക്ഷികളുമെല്ലാം എണ്ണത്തിലും ഘടനയിലും ജീവിതരീതിയിലും വളരെയധികം വൈവിധ്യം പുലർത്തുന്നവയാണ്. ഇവയുടെ സംരക്ഷണത്തിനും പരിപലനത്തിനും പ്രത്യുൽപാദനത്തിനുമായി ഇന്ത്യൻ പാർലമെന്റ് 1972ൽ വൈൽഡ്‌ലൈഫ് (പ്രൊട്ടക്ഷൻ) ആക്ട് പാസാക്കി. ഈ ആക്ട് പ്രകാരം വന്യജീവി സംരക്ഷണത്തിനായി ഇന്ത്യയിൽ നാഷണൽ പാർക്കുകളും വന്യജീവി സാങ്ചറികളും നിലവിൽ വന്നു.

ഒരു നാഷണൽ പാർക്ക് എന്നത് വന്യജീവികളുടെ ജീവനത്തിനായി മാത്രം സംരക്ഷിക്കപ്പെടുന്ന ഒരു നിശ്ചിത പ്രദേശമാണ്. ഇവിടെ മനുഷ്യന്റെ ജീവനോപാധികളായ കൃഷി, കന്നുകാലി വളർത്തൽ, കൃത്രിമ വനനിർമ്മാണം തുടങ്ങിയവ അനുവദനീയമല്ല. ഇന്ത്യയിൽ 40501 $Km^2$ ആയി വ്യാപിച്ചു കിടക്കുന്ന 104 നാഷണൽ പാർക്കുകൾ നിലവിലുണ്ട്. ഇത് രാജ്യത്തിന്റെ മൊത്തം വിസ്തൃതിയുടെ 1.23 ശതമാനം മാത്രമാണ്.

### ഇന്ത്യയിലെ ചില നാഷണൽ പാർക്കുകൾ

| പേര് | വിസ്തൃതി ($Km^2$) | സംരക്ഷിക്കുന്ന മൃഗം/പക്ഷി |
|---|---|---|
| 1. കാസിരംഗ, കാഞ്ചൻജൂരി (ആസ്സാം) | 430 | ഒറ്റക്കൊമ്പൻ കാണ്ടാമൃഗം |
| 2. സുന്ദർബൻസ്, പർഗാന (പശ്ചിമബംഗാൾ) | 2,585 | റോയൽ ബംഗാൾ ടൈഗർ |
| 3. ഹസാരിബാഗ്, ഹസാരിബാഗ് (ജാർഖണ്ഡ്) | 186 | കടുവ, പുലി |
| 4. ജിം. കോർബറ്റ്, നൈനിറ്റാൾ (ഉത്തരാഞ്ചൽ) | 525 | കടുവ |
| 5. ഗിർ (ഗുജറാത്ത്) | 1,412 | ഏഷ്യൻ സിംഹം |
| 6. കാൻഹാ (മദ്ധ്യപ്രദേശ്) | 940 | കടുവ |
| 7. തണ്ടോബ, ചന്ദ്രപ്പൂർ (മഹാരാഷ്ട്ര) | 116 | കടുവ |
| 8. ബന്ദിപ്പൂർ, മൈസൂർ (കർണ്ണാടക) | 874 | ആന, കടുവ |
| 9. ഡെസർട്ട് നാഷണൽ പാർക്ക്, ജയ്സാൽമർ (രാജസ്ഥാൻ) | 3,000 | ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ്, ബ്ലാക്ക് ബക്ക് |
| 10. സത്പുര (മദ്ധ്യപ്രദേശ്) | 524 | പുലി |
| 11. ഇരവികുളം, മൂന്നാർ (കേരളം) | 97 | ആന |
| 12. പെഞ്ച് (മദ്ധ്യപ്രദേശ്) | 866 | റോയൽ ബംഗാൾ കടുവ |
| 13. രണത്തമ്പോർ (രാജസ്ഥാൻ) | 392 | റോയൽ ബംഗാൾ കടുവ |
| 14. പെരിയാർ തേക്കടി (കേരളം) | 257 | കടുവ |
| 15. മാനസ് (ആസ്സാം) | 950 | കടുവ |

കേരളത്തിൽ നിലവിലുള്ള ചില നാഷണൽ പാർക്കുകളുടെ വിവരം നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക

### കേരളത്തിലെ നാഷണൽ പാർക്കുകൾ

| | പേര് | ജില്ല |
|---|---|---|
| 1. | ആനമുടി ചോല നാഷണൽ പാർക്ക്, ചോല | ഇടുക്കി |
| 2. | കുമരകം നാഷണൽ പാർക്ക് | കോട്ടയം |
| 3. | പെരിയാർ നാഷണൽ പാർക്ക് (തേക്കടി) | ഇടുക്കി |
| 4. | സൈലന്റ് വാലി നാഷണൽ പാർക്ക് | പാലക്കാട് |
| 5. | ഇരവികുളം (രാജമലൈ) നാഷണൽ പാർക്ക് | ഇടുക്കി |
| 6. | മതികെട്ടാൻ ചോല നാഷണൽ പാർക്ക് | ഇടുക്കി |
| 7. | പാമ്പടം ചോല നാഷണൽ പാർക്ക് | ഇടുക്കി |

ഒരു സാങ്ചറിയിൽ ജന്തു വ്യവസ്ഥ (fauna) യുടെ സംരക്ഷണം മാത്രമാണ് ലക്ഷ്യമിടുന്നത്. അതുകൊണ്ടുതന്നെ മനുഷ്യ ഉപയോഗത്തിനുള്ള തടി ഉദ്പാദനം, അവ നീക്കംചെയ്യൽ വിവിധ ആവശ്യങ്ങൾക്കായി വന സമ്പത്തിന്റെ ശേഖരണം സ്വകാര്യ വ്യക്തികൾ സ്ഥലം



ഉടമസ്ഥതയിലാക്കുന്നത് തുടങ്ങിയവയെല്ലാം ഇവിടെ അനുവദനീയമാണ്. എന്നാൽ ഇവയെല്ലാം ജന്തു ആവാസവ്യവസ്ഥയ്ക്ക് ഒരു തരത്തിലും തടസ്സമാവരുത് എന്ന് പ്രത്യേകം നിഷ്കർഷയുണ്ട്. ഇന്ത്യയുടെ ആകെ വിസ്തൃതിയുടെ 118,918 $Km^2$ ആയി പരന്നുകിടക്കുന്ന 543 സാങ്ചറികൾ നിലവിലുണ്ട്. ഇവ ഇന്ത്യയുടെ മൊത്തം വിസ്തൃതിയുടെ 3. 62% വരും.

### ഇന്ത്യയിലെ പ്രധാനപ്പെട്ട സാങ്ച്വറികൾ

| | Name | State/U.T | Protected Fauna |
|---|---|---|---|
| 1. | Jaldapara Sanctuary | West Bengal | Rhinoceros, Elephant, Tiger, Leopard, deer, birds |
| 2. | Keoladeo Ghana bird Sanctuary | Rajasthan | Siberian crane, Egrets, stroke Herones, Spoonbillere |
| 3. | Dachigam Sanctuary | Jammu & Kashmir | Kashmiri stay (Hongul). musk deer, snow leopard, black bear, brown bear |
| 4. | Periyar Sanctuary | Kerala | Elephants |
| 5. | Chilka Lake bird Sanctuary | Odisha | Waterfowls, ducks, Crane, Flaminjoes |
| 6. | Manas wild life Sanctuary | Assam | Tiger, Panther, wild buffalo etc. |



UNESCO യുടെ Man and Biosphere (MAB) പദ്ധതിയുടെ ഭാഗമായി വന്യജീവി സംരക്ഷണത്തിനായി രൂപകൽപനചെയ്യപ്പെട്ടതാണ് ബയോസ്പിയർ റിസർവുകൾ. ഒരു ബയോസ്ഫിയർ റിസർവിൽ ഉള്ളിൽനിന്ന് പുറത്തേയ്ക്കായി മൂന്ന് മേഖലകളുണ്ട്: ഏറ്റവും ഉള്ളിലെ കോർ മേഖല (core zone), അതിനുചുറ്റുമുള്ള ബഫർ മേഖല (buffer zone) ഏറ്റവും വെളിയിലായി രൂപാന്തര മേഖല (Transition zone), ഇതിൽ കോർ മേഖലയിൽ യാതൊരു വിധത്തിലുള്ള മനുഷ്യജീവന പ്രവർത്തനങ്ങളും അനുവദനീയമല്ല. എന്നാൽ ബഫർ മേഖലയിൽ ചുരുങ്ങിയ രീതിയിലുള്ള മനുഷ്യജീവന പ്രവർത്തനങ്ങളും രൂപാന്തരമേഖലയിൽ വലിയ രീതിയിലുള്ള മനുഷ്യ ജീവനോപാധി പ്രവർത്തനങ്ങളും അനുവദിച്ചിട്ടുണ്ട്. ബയോസ്ഫിയർ റിസർവുകളിൽ വന്യജീവികളുടെ വൈവിധ്യവും ആദിവാസികളുടെ പരമ്പരാഗത ജീവനത്തെയും വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ചെടികളുടെയും മൃഗങ്ങളുടെയും യഥാർത്ഥ ജനിതക സ്രോതസ്സുകളെയും (wild genetic resources) സംരക്ഷിച്ചു വരുന്നു.

ഇന്ത്യയിൽ ആദ്യമായി 1986ൽ കേരളവും തമിഴ്നാടും കർണ്ണാടകയും ഉൾപ്പെടുന്ന നീലഗിരി ബയോസ്ഫിയർ റിസർവ് നിലവിൽവന്നു ഇപ്പോൾ ഇന്ത്യയിൽ 18 ബയോസ്ഫിയർ റിസർവുകൾ അടയാളപ്പെടുത്തി സംരക്ഷിച്ചുവരുന്നു.

## ഇന്ത്യയിലെ ബയോസ്ഫിയർ റിസർവുകൾ

| | പേര് | വർഷം | സംസ്ഥാനം/കേ.ഭ. പ്രദേശം |
|---|---|---|---|
| 1. | നീലഗിരി | 1986 | കർണ്ണാടക, തമിഴ്നാട്, കേരളം |
| 2. | നന്ദദേവി | 1988 | ഉത്തരാഞ്ചൽ |
| 3. | നോക്രേക് | 1988 | മേഘാലയ |
| 4. | മാനസ് | 1989 | ആസ്സാം |
| 5. | സുന്ദർബൻസ് | 1989 | പശ്ചിമബംഗാൾ |
| 6. | ഗ്രേറ്റ് നിക്കോബാർ | 1989 | ആൻഡമാൻ- നിക്കോബാർ |
| 7. | ഗൾഫ് ഓഫ് മാന്നാർ | 1989 | തമിഴ്നാട് |
| 8. | സിമിലിപാൽ | 1994 | ഒറിസ്സ |
| 9. | ഡിബ്രുസൈഖോവ | 1997 | ആസ്സാം |
| 10. | ദെഹാങ് ദെബാങ് | 1998 | അരുണാചൽപ്രദേശ് |
| 11. | പഞ്ചമാരി | 1999 | മദ്ധ്യപ്രദേശ് |
| 12. | കാഞ്ചൻജംഗ | 2000 | സിക്കിം |
| 13. | അഗസ്ത്യമല | 2001 | കേരളം, തമിഴ്നാട് |
| 14. | അച്ചനാക്മാർ-അമർകാന്തക് | 2005 | ചത്തിസ്ഘർ |
| 15. | ഗ്രേറ്റ് റാൻ ഓഫ് കച്ച് | 2008 | ഗുജറാത്ത് |
| 16. | കോൾഡ് ഡെസർട്ട് | 2009 | ഹിമാചൽപ്രദേശ് |
| 17. | സേഷാചാലംഹിൽസ് | 2010 | ആന്ധ്രാപ്രദേശ് |
| 18. | പന്ന | 2011 | മദ്ധ്യപ്രദേശ് |



**ഈ വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തി പഠിക്കുക.**
**താഴെ കൊടുത്തിട്ടുള്ള പരിശീലന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.**

1. ലോക വന്യജീവി വാരമായി ആഘോഷിക്കുന്നത്?
(എ) സെപ്റ്റംബർ ആദ്യ ആഴ്ച (ബി) ഒക്ടോബർ ആദ്യ ആഴ്ച
(സി) ഒക്ടോബറിലെ മൂന്നാം ആഴ്ച (ഡി) ഒക്ടോബറിലെ അവസാനത്തെ ആഴ്ച
2. ഇന്ത്യയുടെ ജൈവ വൈവിധ്യ നിയമം (Biodiversity Act of India) പാർലമെന്റിൽ പാസാക്കിയ വർഷം
(എ) 1992 (ബി) 1996
(സി) 2001 (ഡി) 2002
3. കാൻഹ നാഷണൽ പാർക്ക് ഏത് ജീവിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) പക്ഷികൾ (ബി) കാണ്ടാമൃഗം
(സി) കടുവ (ഡി) മുതല
4. ദുദ്രുവ (Dudhwa) നാഷണൽ പാർക്ക് ഏത് സംസ്ഥാനത്ത് സ്ഥിതിചെയ്യുന്നു?
(എ) മദ്ധ്യ പ്രദേശ് (ബി) ഹിമാചൽ പ്രദേശ്
(സി) അരുണാചൽ പ്രദേശ് (ഡി) ഉത്തർ പ്രദേശ്
5. ഇന്ത്യയിലെ ഏത് സംസ്ഥാനത്ത് ചന്ദ്രപ്രഭ സാങ്ച്വറി സ്ഥിതിചെയ്യുന്നു?
(എ) മദ്ധ്യ പ്രദേശ് (ബി) ഉത്തർ പ്രദേശ്
(സി) കർണ്ണാടക (ഡി) അരുണാചൽ പ്രദേശ്
6. താഴെ പറയുന്നവയിൽ ഏത് നാഷണൽ പാർക്കിലാണ് കടുവയെ സംരക്ഷിക്കാത്തത്?
(എ) രണത്തംബോർ (Ranthambore) (ബി) സുന്ദർബൻസ്
(സി) ഗിർ (ഡി) ജിം കോർബറ്റ്
7. വന്യജീവി സംരക്ഷണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സങ്കേതങ്ങളിൽ ഏറ്റവും ആധുനികമായത് ഏത്?
(എ) സാങ്ച്വറികൾ (ബി) റിസർവ് വനങ്ങൾ
(സി) നാഷണൽ പാർക്കുകൾ (ഡി) ബയോസ്പിയർ റിസർവുകൾ
8. ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ട ആദ്യത്തെനാഷണൽ പാർക്ക് ഏത്?
(എ) കാൻഹ (ബി) ജിം കോർബറ്റ്
(സി) കാസിരംഗ (ഡി) ഗിർ
9. ഒഡീഷയിലെ 'സിംലിപാൽ' എന്നത്?
(എ) സാങ്ച്വറി (ബി) ബയോസ്പിയർ റിസർവുകൾ
(സി) നാഷണൽ പാർക്കുകൾ (ഡി) മൃഗശാല
10. ഇന്ത്യയിലെ ഏറ്റവും ഉയരംകൂടിയ നാഷണൽ പാർക്ക് ഏത്?
(എ) കാൻഹ (ബി) ജിം കോർബറ്റ്
(സി) കാസിരംഗ (ഡി) ഗിർ
11. ഇന്ത്യയിലെ വന്യജീവി (സംരക്ഷണ) നിയമം, 1972 ആദ്യമായി ഭേദഗതി വരുത്തിയ വർഷം
(എ) 1991 (ബി) 1995
(സി) 2001 (ഡി) 2007
12. കടുവ സംരക്ഷണ കേന്ദ്രമായ 'രാജാജി നാഷണൽ പാർക്ക്' ഏത് സംസ്ഥാനത്ത് സ്ഥിതിചെയ്യുന്നു?
(എ) തമിഴ്നാട് (ബി) ആന്ധ്രപ്രദേശ്
(സി) കർണ്ണാടക (ഡി) ഉത്തരാഞ്ചൽ
13. ഭൂമിയുടെ ശ്വാസകോശം എന്നറിയപ്പെടുന്ന വനപ്രദേശം ഏത്?
(എ) ടൈഗ വനം (ബി) തുന്ത്ര വനം
(സി) ആമസോൺ മഴക്കാടുകൾ
(ഡി) വടക്കുകിഴക്കൻ ഇന്ത്യയിലെ മഴക്കാടുകൾ
14. താഴെപ്പറയുന്നവയിൽ ജലപക്ഷികൾക്ക് പ്രസിദ്ധമായ സാങ്ച്വറി ഏത്?
(എ) ഡച്ചിഗാം സാങ്ച്വറി , കാശ്മീർ
(ബി) പെരിയാർ സാങ്ച്വറി, കേരളം
(സി) കിയോലഡിയോ ഘാന സാങ്ച്വറി, രാജസ്ഥാൻ
(ഡി) മാനസ് സാങ്ച്വറി, ആസ്സാം
15. ഇന്ത്യയിൽ കാണപ്പെടുന്ന ഒരേ ഒരു മനുഷ്യക്കുരങ്ങായ ഹൂലോക്ക് ഗിബൺ (Hoolock gibbon) താഴെപ്പറയുന്നവയിൽ എവിടെയാണുള്ളത്?
(എ) കാസിരംഗ സാങ്ച്വറി
(ബി) ഹസാരിബാഗ് നാഷണൽ പാർക്ക്
(സി) ജിം കോർബറ്റ് നാഷണൽ പാർക്ക് (ഡി) ഗിർ നാഷണൽ പാർക്ക്
16. ലോക ജൈവ വൈവിധ്യദിനമായി (World Biodinersity day) ആചരിക്കുന്നത്?
(എ) സെപ്റ്റംബർ 16 (ബി) ജൂൺ 5
(സി) ഏപ്രിൽ 22 (ഡി) മേയ് 22
17. ഇന്ത്യയിൽ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിതിചെയ്യുന്നത്?
(എ) ഗോവ (ബി) ലഖ്നൗ
(സി) ഡെറാഡൂൺ (ഡി) വയനാട്
18. താഴെപറയുന്നതിൽ തമിഴ്നാട് സംസ്ഥാനത്തിൽ ഉൾപ്പെടാത്ത ബയോസ്ഫിയർ റിസർവ് ഏതാണ്?
(എ) നീലഗിരി (ബി) ഗൾഫ് ഓഫ് മാന്നാർ
(സി) അഗസ്ത്യമല (ഡി) സിമിലിപാൽ
19. ലോക പരിസ്ഥിതിദിനമായി ആചരിക്കുന്ന ദിവസമേത്?
(എ) സെപ്തംബർ 16 (ബി) ജൂൺ 5
(സി) മേയ് 22 (ഡി) ഡിസംബർ 29
20. പരിസ്ഥിതി സംരക്ഷണവുമായി ബന്ധമില്ലാത്ത ഏജൻസി ഏത്?
(എ) WWF (ബി) IUCN
(സി) CITES (ഡി) IVF